Kudumbashree
State Poverty Eradication Mission
Local Self Govt. Department, Govt. of Kerala

7707/എച്ച്/2018/കെ.എസ്.എച്ച്.ഒ. 29..07..2018

## സർക്കുലർ

**വിഷയം: – കുടുംബശ്രീ – ഇന്റൻസീവ് ബനാന ഫാമിംഗ് (എ.ജി 03 ) – താത്കാലിക മൂല്യവർദ്ധിത യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നത് – സംബന്ധിച്ച്.**

എം.കെ.എസ്.പി. പദ്ധതിയുടെ ഭാഗമായി 2018 ഓണം വിപണി ലക്ഷ്യം വച്ചുകൊണ്ട് കുടുംബശ്രീ അംഗങ്ങൾക്ക് അധിക വരുമാനം ലഭ്യമാക്കുന്നതിനായി ഏകദേശം 5,000 ഹെക്ടറിലധികം സ്ഥലത്ത് നിലവിൽ നേന്ത്രവാഴ കൃഷി ചെയ്തുവരുന്നു. ഓണം സീസണിൽ നേന്ത്രവാഴയ്ക്കു മികച്ച വരുമാനമാണ് ലഭ്യമാകുന്നത്. നേന്ത്രവാഴ പഴമായോ, കായയായോ വിപണിയിൽ എത്തിക്കുന്നതിലും അധികം വരുമാനം മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ കുടുംബശ്രീ യൂണിറ്റുകൾ നേടാൻ സാധിക്കുന്നതാണ്. കുടുംബശ്രീ സംഘടിപ്പിക്കുന്ന നാട്ടുചന്തകളിലൂടെയും ഓണച്ചന്തകളിലൂടെയും ഏത്തവാഴ മൂല്യവർധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വില്പന നടത്തുന്നത് വഴി മികച്ച വരുമാനം ഈ ഓണക്കാലത്ത് കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കും. നാട്ടുചന്തകളോടും ഓണച്ചന്തകളോടും ചേർന്ന് മൂല്യവർധിതഉത്പന്നങ്ങൾ ഉലപാദിപ്പിച്ചു നേരിട്ടോ, പാക്ക് ചെയ്തോ വില്പന നടത്താവുന്നതാണ്.

2018 ഓണം വിപണി മുൻ നിർത്തി കുടുംബശ്രീ യൂണിറ്റുകൾ മുഖേന നേന്ത്രക്കായ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനായി താത്കാലിക യൂണിറ്റുകൾ രുപീകരിക്കേണ്ടതും യൂണിറ്റുകൾക്ക് പ്രവർത്തന മൂലധനമായി 10,000/ രൂപ ലഭ്യമാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ തുക ജില്ലയിൽ ലഭ്യമായ എം.കെ.എസ്.പി വാല്യൂ ചെയിൻ ഫണ്ടിലെ റിവോൾവിങ് ഫണ്ട് ഫോർ കളക്ടേർസ് ശീർഷകത്തിൽ നിന്നും ചിലവഴിക്കാവുന്നതാണ്

ഈ മേഖലയിൽ താത്പര്യമുള്ള കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളായ 5 പേരടങ്ങുന്ന ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകുന്നത്. ഗ്രൂപ്പിലെ അംഗങ്ങൾ ഒരേ അയൽക്കൂട്ട അംഗങ്ങളോ വ്യത്യസ്ത അയൽക്കൂട്ട അംഗങ്ങളോ ആകാം. ഗ്രൂപ്പിന്റെ പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ തെരഞ്ഞെടുക്കേണ്ടതാണ്. പ്രസ്തുത ഗ്രൂപ്പ് സിഡിഎസ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 5 പേരടങ്ങുന്ന ഒരു കുടുംബശ്രീ യൂണിറ്റിന് പരമാവധി 10,000/- രൂപ റിവോൾവിംഗ് ഫണ്ടായി നൽകുന്നതാണ്. ഗ്രൂപ്പുകൾ ബാങ്ക് അക്കൗണ്ട് നിർബന്ധമായും എടുക്കേണ്ടതാണ്.

- ബാങ്ക് അക്കൗണ്ട് മുഖേന മാത്രമേ സി ഡി എസ്സ് റിവോൾവിംഗ് ഫണ്ട് യൂണിറ്റുകൾക്ക് ലഭ്യമാക്കുവാൻ പാടുള്ളു.
- സി ഡി എസ്സിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ജില്ലാമിഷൻ റിവോൾവിങ് ഫണ്ട് സി ഡി എസ്സിന്റെ അക്കൗണ്ടിൽ നൽകേണ്ടതാണ്.

- ഓണച്ചന്തകൾ കഴിയുന്ന മുറയ്ക്ക് പരമാവധി 15 ദിവസത്തിനകം തുക അതാതു സി ഡി എസ്സുകളിൽ തിരിച്ചടയ്ക്കേണ്ടതാണ്. ടി തുക ഓണച്ചന്തകൾ കഴിയുന്ന മുറയ്ക്ക് 20 ദിവസത്തിനകം സി ഡി എസ്സ് ജില്ലാ മിഷനിൽ തിരിച്ചടച്ചു എന്ന് ജില്ലാ മിഷൻ ഉറപ്പാക്കേണ്ടതാണ്.

**സി.ഡി.എസ്. ചുമതലകൾ**

- മൂല്യവർധിത യൂണിറ്റുകളെ രജിസ്റ്റർ ചെയ്യിക്കുക.
- റിവോൾവിങ് ഫണ്ട് കൃത്യമായി വിതരണം ചെയ്യുക
- നാട്ടുചന്തകളോടും ഓണചന്തകളോടും ചേർന്നു മൂല്യവർധിത യൂണിറ്റുകൾക്ക് പ്രവർത്തിക്കുവാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കി നൽകുക.
- വില്പനയ്ക്ക് വേണ്ട സൗകര്യം ചന്തകളോട് ചേർന്ന് ഒരുക്കി നൽകുക
- വരവ് ചെലവ് കണക്കുകൾ കൃത്യമായി സൂക്ഷിക്കുക
- റിവോൾവിങ് ഫണ്ടിന്റെ തിരിച്ചടവ് ഉറപ്പുവരുത്തുക.

**ജില്ലാമിഷന്റെ ചുമതലകൾ**

- തിരഞ്ഞെടുത്ത യൂണിറ്റുകൾക്ക് ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള സർക്കാർ ഏജൻസികളിൽ നിന്നോ സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നോ പരിശീലനങ്ങൾ നൽകുക. പരിശീലനത്തിനായി ഒരാൾക്ക് ഭക്ഷണം, ഹോണറേറിയം, മറ്റു ചിലവുകൾ ഉൾപ്പെടെ പരമാവധി 500 രൂപ വരെ ചിലവഴിക്കാവുന്നതാണ്. ഇതിനാവശ്യമായ തുക എൻ ആർ എൽ എം ഫണ്ടിലെ AG-03b B2.2.5m ശീർഷകത്തിൽ നിന്നും ചെലവഴിക്കാവുന്നതാണ്
- കൃത്യമായ മോണിറ്ററിംഗ് റിപ്പോർട്ടുകളും മറ്റ് ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.
- വെബ്സൈറ്റ് അപ്ഡേഷൻ ചെയ്യുക.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

**പകർപ്പ്**

1. വെബ് സൈറ്റ്
2. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

പ്രോഗ്രാം ഓഫീസർ (അഗ്രി)